**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2996** **03-08-2021 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്ത് മുട്ടക്കോഴി/ഇറച്ചിക്കോഴി വളർത്തൽ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | Smt J Chinchurani<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് മുട്ടക്കോഴി/ഇറച്ചിക്കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | മുട്ട കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി ജനകീയാസൂത്രണ പദ്ധതി വഴി ഒരു ഗുണഭോക്താവിന് 25 കോഴിക്കുഞ്ഞുങ്ങൾ വരെ സൗജന്യ നിരക്കിൽ നൽകുന്നുണ്ട്. സംസ്ഥാനത്ത് മുട്ടക്കോഴി വളർത്തുന്നതിലേക്കായി സ്കൂൾ വിദ്യാർത്ഥികൾക്ക് 5 മുട്ടക്കോഴികളെ വീതം നൽകിക്കൊണ്ട് സ്കൂൾ പൗൾട്രി ക്ലബ് എന്ന പേരിൽ സംസ്ഥാനത്തുടനീളം മൃഗസംരക്ഷണ വകുപ്പ് പദ്ധതി നടപ്പാക്കി വരുന്നു. ഇതിനായി നടപ്പ് വർഷം 3 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇറച്ചിക്കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനായി മൃഗസംരക്ഷണ വകുപ്പ് നേരിട്ട് പദ്ധതികളോന്നും തന്നെ നടപ്പാക്കുന്നില്ല. എന്നാൽ വകുപ്പിന്റെ പൊതുമേഖലാ സ്ഥാപനമായ KSPDC, കോൺട്രാക്ട് ഫാമിംഗ് സമ്പ്രദായത്തിലൂടെ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കി വരുന്നു. ഇറച്ചിക്കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനായി മൃഗസംരക്ഷണ വകുപ്പ് നോഡൽ ഏജൻസി ആയി കേരള പൗൾട്രി കോർപ്പറേഷൻ, കുടുംബശ്രീ, മീറ്റ് പ്രോഡക്ട് ഓഫ് ഇന്ത്യ, ബ്രഹ്മഗിരി ഡെവലപ്പ്മെന്റ് സൊസൈറ്റി എന്നീ സ്ഥാപനങ്ങളെ സംയോജിപ്പിച്ചുകൊണ്ടു ചെറുകിട ബ്രോയിലർ ഫാം നടത്തുന്ന കർഷകരെ ഉൾപ്പെടുത്തി ഗുണനിലവാരമുള്ള കോഴിയിറച്ചി മിതമായ വിലയ്ക്ക് നൽകുവാനുള്ള ഉദ്ദേശത്തോടുകൂടി കേരളചിക്കൻ പദ്ധതി സർക്കാർ നടപ്പിലാക്കി വരുന്നു. |
| (ബി) | ഇതിൽ ഏർപ്പെടുന്ന കർഷകർക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകി വരുന്നതെന്ന് വ്യക്തമാക്കാമോ? | (ബി) | കോഴി വളർത്തലിൽ ഏർപ്പെടുന്ന കർഷകർക്ക് എല്ലാ സാങ്കേതിക സഹായങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും മൃഗസംരക്ഷണ വകുപ്പിന്റെ സ്ഥാപനങ്ങൾ മുഖേന നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ